"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് വരോട് KPSMMHSS-ലെ എച്ച്.എസ്.ടി.(മാത്സ്) ശ്രീമതി രാജലക്ഷ്മി സി.വി സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1160/2026/GEDN തീയതി,തിരുവനന്തപുരം, 09-02-2026

---

പരാമർശം:-

1. പാലക്കാട് വരോട് KPSMMHSS-ലെ എച്ച്.എസ്.ടി.(മാത്സ്) ശ്രീമതി രാജലക്ഷ്മി സി.വി സമർപ്പിച്ച 24/10/2024 തീയതിയിലെ ഹർജി.
2. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/12/2024 തീയതിയിലെ DEOOTP/2591/2024-B2 നമ്പർ കത്ത്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20-12-2024 തീയതിയിലെ DGE/23460/2024-EM1 നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 23/12/2024 തീയതിയിലെ DDEPKD/5948/2024-D1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് വരോട് KPSMMHSS-ലെ എച്ച്.എസ്.ടി.(മാത്സ്) ശ്രീമതി രാജലക്ഷ്മി സി.വി 24.10.2024 തീയതിയായി സമർപ്പിച്ച ഹർജിയിന്മേൽ ബന്ധപ്പെട്ടവരുടെ വാദം 24.12.2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി. പ്രൊബേഷൻ ഡിക്ലറേഷനിലെ അപാകതമൂലം ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങളിലുണ്ടായ കുറവുകൾ പരിഹരിച്ച് അർഹമായ ആനുകൂല്യങ്ങൾ നൽകണമെന്നതാണ് പരാമർശം (1) ഹർജിയിലെ ആവശ്യം.

2) ശ്രീമതി രാജലക്ഷ്മി സി.വി 20.07.1992-ൽ യു.പി.എസ്.എ ആയി ജോലിയിൽ പ്രവേശിച്ചു. 26.11.1992 മുതൽ ടിയാൾക്ക് എച്ച്.എസ്.ടി ആയി സ്ഥാനക്കയറ്റം ലഭിച്ചു. തുടർച്ചയായ എട്ട് മാസം സർവീസ് ഇല്ലാത്ത പക്ഷം അവധി വേതനം ലഭിക്കില്ല എന്ന കെ.ഇ.ആർ. Chapter 14 A Rule 49-ന്റെ വ്യാഖ്യാന പ്രകാരം ടിയാളെ 31.03.1993-ന് ടെർമിനേറ്റ് ചെയ്യുകയും അടുത്ത അധ്യയന വർഷം 07.06.1993 മുതൽ എച്ച്.എസ്.എ(മാത്സ്) ആയി പുനർനിയമിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തു. 07.06.1994-ൽ ടിയാളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും ജൂൺ 7 പ്രാബല്യത്തിൽ ഇൻക്രിമെന്റും ആനുകൂല്യങ്ങളും നൽകുകയും ചെയ്തു.

3) സർക്കാർ ഈ വിഷയം ഹിയറിംങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി രാജലക്ഷ്മി സി.വി - യുടെ പ്രൊബേഷൻ ഡിക്ലറേഷന് ടിയാളുടെ 26.11.1992 മുതൽ 31.03.1993 വരെയുള്ള മുൻ സേവനകാലയളവ് പരിഗണിച്ചിട്ടില്ലെന്നും, ടി കാലയളവ് പരിഗണിച്ചാൽ 07.06.1994-ന് ഏകദേശം 4 മാസവും 5 ദിവസവും മുൻപു തന്നെ ടിയാളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനാകുമായിരുന്നുവെന്നും, തന്മൂലം ടിയാൾക്ക് increment-ഉം മറ്റ് ആനുകൂല്യങ്ങളും നേരത്തെതന്നെ ലഭിക്കുമായിരുന്നുവെന്നും, വിരമിക്കൽ ആനുകൂല്യങ്ങളിലും ഈ വ്യത്യാസമുണ്ടാകുമെന്നും ഹർജിക്കാരി അറിയിക്കുന്നു. മാത്രമല്ല, 08.03.2018-ലെ GEDN-J3/182/2017 നമ്പർ കത്ത് ആധാരമാക്കിയിരുന്നുവെങ്കിൽ, ടിയാളുടെ 31.03.1993-ലെ ടെർമിനേഷൻ ഒഴിവാക്കാമായിരുന്നുവെന്നും, ടിയാളുടെ സർവീസും വേതനവും ആനുകൂല്യങ്ങളും നഷ്ടമാകുന്നതും ഒഴിവാക്കാമായിരുന്നുവെന്നും കൂടാതെ ടിയാളുടെ മുൻ സർവീസ് കൂടി കൂട്ടുകയാണെങ്കിൽ ടിയാളുടെ പ്രൊബേഷൻ 26.11.1993-ൽ തന്നെ ഡിക്ലയർ ചെയ്യാമായിരുന്നുവെന്നും ഹർജിക്കാരി വാദിച്ചു.

4) ശ്രീമതി രാജലക്ഷ്മിയുടെ തുടർച്ചയായ സേവനം ആരംഭിച്ച 07.06.1993 മുതലുള്ള സേവനം കണക്കാക്കിയാണ് ടിയാളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തതെന്നും, കെ.ഇ.ആർ. അധ്യായം 14 എ ചട്ടം 6 (എ) പ്രകാരം ടിയാളുടെ മുൻകാല സർവീസ് കണക്കിലെടുത്ത് പ്രൊബേഷൻ ഡിക്ലയർ ചെയ്യാവുന്നതും തദനുസൃതമായി ഗ്രേഡ്, പേ റിവിഷൻ എന്നിവയിലെല്ലാം വ്യത്യാസമുണ്ടാകുമെന്നും, ടിയാളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) മുഖേന റിപ്പോർട്ട് ചെയ്തു

5) മേൽ സാഹചര്യത്തിൽ ശ്രീമതി രാജലക്ഷ്മി സി.വി നാളിതുവരെ പരാതിയോ അപേക്ഷയോ താമരശ്ശേരി ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാരിയുടെ ഇൻക്രിമെന്റ്, ഗ്രേഡ്, പേ റിവിഷൻ എന്നിവയിലെല്ലാം വ്യത്യാസം വരുന്നതിനാൽ ശ്രീമതി രാജലക്ഷ്മി സി.വി പ്രസ്തുത അപേക്ഷ താമരശ്ശേരി ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് 07.06.1993 മുതൽ പുറകിലേയ്ക്കുള്ള തുടർച്ചയായ രണ്ടു വർഷം കവിയാത്ത കാലയളവിനുള്ളിൽ സേവനഭംഗങ്ങളോടെ ആണെങ്കിലും ആകെ ഒരു വർഷം ലഭിക്കുന്നപക്ഷം യോഗ്യതാനുസരണം ആയതു കണക്കിലെടുത്ത് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും, കൂടാതെ ടിയാരിയുടെ എച്ച്.എസ്.എ.(ഗണിതം) തസ്തികയിലെ 26.11.1992 മുതൽ 31.03.1993 വരെയുള്ള മുൻകാല സർവീസ്, കെ.ഇ ആർ അധ്യായം 14എ ചട്ടം49, 14/10/15 ലെ 44977/ജെ2/13/പൊവിവ, 5.3.2018-ലെ ജെ3/182/2017/പൊവിവ എന്നിവ പ്രകാരം തുടർച്ചയായി അവധിക്കാല ശമ്പളത്തോട് കൂടി അംഗീകരിക്കുന്നതിനും ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപെടുത്തി അപ്രകാരം പാലക്കാട് വരോട് KPSMMHSS-ലെ എച്ച്.എസ്.ടി.(മാത്സ്) ശ്രീമതി രാജലക്ഷ്മി സി.വി. 24.10.2024 തീയതിയായി സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, KPSMMHSS, വരോട്, പാലക്കാട്
ശ്രീമതി രാജലക്ഷ്മി സി.വി.,എച്ച്.എസ്.ടി.(മാത്സ്),KPSMMHSS, വരോട്, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (JA3/310/2025-G.EDN തീയതി: 16/12/2025 )
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 09-02-2026 15:01:17
സെക്ഷൻ ഓഫീസർ